**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2102** **14-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ടാണശ്ശേരി കുടുംബാരോഗ്യകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ കണ്ടാണശ്ശേരി കുടുംബാരോഗ്യകേന്ദ്രത്തിനായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെയും, വാടാനപ്പള്ളി കുട്ടമുഖത്ത് സ്ഥിതിചെയ്യുന്ന സബ്സെന്റർ കെട്ടിടത്തിന്റെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | കണ്ടാണശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിനായി മണലൂർ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവർത്തിയുടെ കരാറുകാരൻ പ്രസ്തുത പ്രവർത്തിയിൽ വീഴ്ച്ച വരുത്തിയതിനാൽ, ടിയാളുടെ കരാർ റദ്ദുചെയ്യുകയും ടിയാനെ ശേഷിക്കുന്ന പ്രവർത്തിയിൽ നിന്നും ഒഴിവാക്കി പ്രസ്തുത പ്രവർത്തിക്കായി കെട്ടിവെച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിട്ടെൻഷൻ എന്നിവ കണ്ടുകെട്ടിയും ഉത്തരവായിട്ടുണ്ട്. ആയതിനാൽ പുതിയ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്<br><br>കുട്ടമുഖം സബ്സെന്റർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി ഇലക്ട്രിക്കൽ വർക്കിനായി 5 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി ആയതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 2024 നവംബർ മാസത്തോടുകൂടി പൂർത്തിയാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ